


# പരിസ്ഥിതി ദ്രോഹങ്ങളുടെ 5 വർഷം

കേരളത്തിന്റെ പരിസ്ഥിതിയെ ഏറ്റവും അധികം നശിപ്പിച്ച 5 വർഷങ്ങളാണ് ഇപ്പോൾ കഴിഞ്ഞിരിക്കുന്നത്. പരിസ്ഥിതി അവബോധത്തിന്റെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി പരിസ്ഥിതി സംരക്ഷണ വിഷയത്തിൽ ഒട്ടേറെ മാതൃകാപരമായ ഇടപെടൽ ജനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. മാറിമാറി വന്ന സർക്കാരുകൾ പല വികസന പദ്ധതികളുമായി മുന്നോട്ട് പോകുമ്പോഴും കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ ഒരു പരിധിവരെയെങ്കിലും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇക്കഴിഞ്ഞ 5 വർഷക്കാലം ഇതിനൊരു തിരിച്ചടിയുണ്ടായിരിക്കുന്നു. കേരളത്തിന്റെ നിലനിൽപ്പിന് കാവലായി നിന്ന എല്ലാ പരിസ്ഥിതി നിയമങ്ങളെയും അട്ടിമറിക്കുന്ന പ്രവർത്തികളാണ് ഇപ്പോഴത്തെ സർക്കാരിൽ നിന്നുണ്ടായത്.




### പശ്ചിമഘട്ടത്തിലെ സ്വകാര്യഭൂമി മുഴുവൻ ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കി

പശ്ചിമഘട്ടത്തിലെ പാരിസ്ഥിതിക സംവേദക മേഖലകൾ ഭൗതിക പരിശോധന നടത്തുന്നതിന്റെ ഭാഗമായി ഇറക്കിയ 21/11/2013 ലെ സർക്കാർ ഉത്തരവിൽ 1/1/1977 ൽ കൈവശാവകാശമുള്ള മുഴുവൻ സ്വകാര്യ ഭൂമികളും ഇ.എസ്സ്.എ.യുടെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ഗ്രാമതല സമിതികൾക്ക് ഉത്തരവ് നൽകി. ഇതനുസരിച്ച് 123 ഗ്രാമങ്ങളിലെ എല്ലാ സ്വകാര്യഭൂമിയും, 1993 പതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ 70000 ഏക്കർ വനഭൂമിയും 2 ലക്ഷത്തിലധികം ഏക്കർ ഏലമലക്കാടും ഉൾപ്പെടെ വലിയൊരു വിഭാഗം ഇ.എസ്.എ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ഇതോടെ പരിസ്ഥിതി സംരക്ഷണ നിയമം സർക്കാർതന്നെ കഠിനമായി ലംഘിച്ചിരിക്കുന്നു.

### 20 % വനഭൂമി ഇല്ലാതാക്കിക്കൊണ്ട് കേന്ദ്രത്തിനു റിപ്പോർട്ട് സമർപ്പിച്ചു

പഞ്ചായത്ത് തല സമിതികൾ നൽകിയ (?) റിപ്പോർട്ട് അനുസരിച്ച് വനംവകുപ്പ് തയ്യാറാക്കിയ മാപ്പുകളിൽ നിന്ന് 1997 ചതുരശ്ര കിലോമീറ്റർ വനഭൂമി കുറച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് അന്തിമറിപ്പോർട്ട് നൽകിയത്. കേരളത്തിലെ വനഭൂമിയുടെ 20 ശതമാനമാണ് ഇത്തരത്തിൽ ഒറ്റയടിക്ക് അപ്രത്യക്ഷമായത്. ഇത് കേരള ചരിത്രത്തിൽ ആദ്യമാണ്. ഈ ലംഘനം അനുവദിക്കാനാവില്ലെന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനവും വനഭൂമിയുടെ ഡിജിറ്റൽ മാപ്പ് ഹാജരാക്കാൻ നിർദ്ദേശിച്ചതും സർക്കാരിനേറ്റ തിരിച്ചടിയാണ്.

### 1977–നുശേഷമുള്ള കയ്യേറ്റങ്ങളെയും സാധൂകരിക്കത്തക്ക രീതിയിൽ രേഖകൾ നഷ്ടപ്പെടുത്തി

1/1/1977 വരെയുള്ള വനഭൂമി കയ്യേറ്റങ്ങൾ 28000-ത്തോളം ഹെക്ടർ ജോയിന്റ് വെരിഫിക്കേഷൻ നടത്തി കേന്ദ്രസർക്കാരിന്റെ അനുമതിയോടെ പതിച്ചു നൽകാൻ തീരുമാനിച്ചതാണ്. 1993 ലെ പ്രത്യേക ഭൂപതിവ് ചട്ടപ്രകാരം അത് അനുവദിക്കാവുന്നതാണ്. എന്നാൽ ഇതിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് കാണാനില്ല. അതുകൊണ്ടു തന്നെ 1977 നു ശേഷമുള്ള കയ്യേറ്റങ്ങളും സാധൂകരിക്കപ്പെടുന്നു. കോട്ടയം-കാഞ്ഞിരപ്പള്ളി താലൂക്കിൽ പമ്പാവാലി-ഏഞ്ചൽവാലി പ്രദേശത്തെ 1250 ഏക്കർ ജണ്ടയിട്ടു തിരിച്ച വനഭൂമി കയ്യേറ്റക്കാർക്ക് പതിച്ചു നൽകാൻ 28/9/2015 ന് റവന്യൂ വകുപ്പ് ഉത്തരവിറക്കി. ഇത്തരത്തിൽ വനം നിയമം നഗ്നമായി ലംഘിക്കാൻ സംസ്ഥാന മന്ത്രിസഭ അനുമതി നൽകിയിരിക്കുകയാണ്.

### പട്ടയഭൂമിയിലെ ലക്ഷക്കണക്കിന് മരങ്ങൾ മുറിച്ചുമാറ്റാൻ വഴിവിട്ട അനുമതി

ഏലമലക്കാട് ഉൾപ്പെടെയുള്ള പശ്ചിമഘട്ടപ്രദേശത്ത് പട്ടയഭൂമിയിലെ ലക്ഷക്കണക്കിന് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകി. ഇതുവഴി ഒരു നൂറ്റാണ്ടിലേറെയായി സംരക്ഷിക്കപ്പെട്ടുപോരുന്ന 50000 ഏക്കർ പ്രദേശത്തെ മരങ്ങളാണ് നഷ്ടമാകുന്നത്. എന്നാൽ, ജനങ്ങളുടെ ജീവനോ സ്വത്തിനോ ഭീഷണിയാകുന്ന സാഹചര്യത്തിലല്ലാതെ ഒരു മരവും മുറിക്കരുതെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ സർക്കാരിനു ഉത്തരവു നൽകി. അനധികൃതമായി ആയിരക്കണക്കിന് മരങ്ങൾ മുറിച്ചു മാറ്റിയത് സംബന്ധിച്ച് 6 മാസത്തിനകം ഉന്നതതല അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന വിധിയും നടപ്പാക്കിയിട്ടില്ല.

### വനംവകുപ്പ് ഉദ്യോഗസ്ഥരുടെ തടസ്സങ്ങളെ മറികടന്ന് വനപ്രദേശത്ത് കുന്നിടിക്കാൻ അനുമതി

വയനാട്ടിലെ പൂക്കോട് വെറ്റിനറി സർവ്വകലാശാലക്കുവേണ്ടി ആദിവാസികൾക്കായി പതിച്ചു നൽകിയ അതീവ പരിസ്ഥിതിലോല വനഭൂമിയിലെ പുൽമേടുകളും ചോലവനങ്ങളും അടങ്ങിയ കുന്നുകൾ ഇടിച്ചു നിരത്തി. ഇത് വനസംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്നുകണ്ട് വനംവകുപ്പുദ്യോഗസ്ഥർ തടഞ്ഞപ്പോൾ മുഖ്യമന്ത്രി പ്രത്യേകയോഗം വിളിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥരോട് എതിർപ്പ് പിൻവലിക്കാൻ ഉത്തരവിട്ടു. വനനശീകരണത്തിന് മുഖ്യമന്ത്രി അനുവാദം നൽകി. ദേശീയ ഹരിത ട്രൈബ്യൂണൽ വനത്തിനുള്ളിലെ നിർമ്മാണം സ്റ്റേ ചെയ്യുന്നതുവരെയും നശീകരണം തുടർന്നു.




## വനഭൂമിയിൽ നിർമിച്ച അനധികൃത കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട ദൗത്യസംഘത്തെ പൂർണമായും പരാജയപ്പെടുത്തി

മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ എന്നിവിടങ്ങളിലെ സർക്കാർ വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അനധികൃത കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിനും നിയോഗിക്കപ്പെട്ട ദൗത്യസംഘത്തെ പൂർണ്ണമായി പരാജയപ്പെടുത്തി. പുതുതായി നിർമ്മിച്ച നിരവധി വൻ റിസോർട്ടുകൾക്ക് സർക്കാർ ഒത്താശ നൽകി. അനുമതിയും നൽകി. മൂന്നാറിലും പരിസരപ്രദേശങ്ങളിലും ഭൂമിയുടെ സ്റ്റാറ്റസ് വനമാണെന്നും അതീവ പാരിസ്ഥിതിക മേഖലയായ ഇവിടം റവന്യുവകുപ്പിൽ നിന്നുമാറ്റി വനം വകുപ്പിനെ ഏൽപ്പിക്കണമെന്നുമുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കാറ്റിൽപ്പറത്തി. ഏലച്ചട്ടവും ഭൂപതിവ് നിയമവും വനനിയമവും ലംഘിച്ച് വൻറിസോർട്ടുകൾ നിർമ്മിക്കുന്ന ഒരാളുടെപോലും പട്ടയം റദ്ദാക്കിയിട്ടില്ല. തൽഫലമായി പ്രത്യേക ദൗത്യസംഘം ജോലി നിർത്തുകയും അതുവരെ ചെയ്ത പ്രയത്നം നിഷ്ഫലമാകുകയും ചെയ്തു.

## വനനിയമങ്ങൾ ലംഘിച്ചുകൊണ്ട് ക്വാറി, ക്രഷർ വ്യവസായങ്ങൾ തുടങ്ങാൻ അനുമതി

കൃഷിയാവശ്യത്തിനും ഗൃഹനിർമ്മാണ ആവശ്യത്തിനു മാത്രം ഉപയോഗിക്കാൻ ഭൂപതിവ് നിയമപ്രകാരം പതിച്ചു നൽകിയ പട്ടയ ഭൂമികളിൽ നിയമവിരുദ്ധമായിത്തുടങ്ങിയതും ഇനി തുടങ്ങാനിരിക്കുന്നതും കോടതി ഉത്തരവുകളാൽ അടച്ചിട്ടതുമായ ക്വാറി, ക്രഷർ, അനുബന്ധ വ്യവസായങ്ങൾ അനുവദിക്കാൻ 11/11/2015 ൽ സർക്കാർ ഉത്തരവിറക്കി. വനഭൂമികളിലും ഇത്തരം വ്യവസായം തുടങ്ങാമെന്ന ഉത്തരവ് വനനിയമത്തിന്റെ ലംഘനമാണ്. ഒടുവിലായി പശ്ചിമഘട്ടത്തിലെ പട്ടയഭൂമി ക്വാറി മാഫിയകൾക്ക് തീറെഴുതിക്കൊടുക്കത്തക്ക രീതിയിൽ വനഭൂമി പതിവ് ചട്ടം ഭേദഗതി ചെയ്യാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇതുമൂലം കുന്നുകൾ ഇടിക്കുന്നതിനും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനും അനുമതി വേണ്ടാത്ത രീതിയിലേക്ക് ഈ ചട്ട ഭേദഗതികൾ കാര്യങ്ങളെ മാറ്റിയിരിക്കുന്നു.

## അനധികൃത ക്വാറികൾ നിർബാധം പ്രവർത്തിപ്പിക്കുന്നതിന് ഉത്തരവുകൾ ഇറക്കി

ദീപക് കുമാർ കേസിലെ സുപ്രീംകോടതിയുടെ വിധി ലംഘിച്ചുകൊണ്ട് പാറഖനനത്തിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവിറക്കി 2012 മുതൽ ഇന്നുവരെ ഖനനാനുമതി പുതുക്കി നൽകികൊണ്ടിരിക്കുന്നു. പശ്ചിമഘട്ടത്തിലെ 2000-ത്തിലധികം വരുന്ന പാറമടകൾ അശാസ്ത്രീയമായും മൈനിംഗ് പ്ലാൻ ഇല്ലാതെയുമാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇറക്കിയ 3 സർക്കാർ ഉത്തരവുകൾ ഹൈക്കോടതിയും ഹരിത ട്രൈബ്യൂണലും റദ്ദാക്കി. എങ്കിലും ഖനനം തുടരുന്നു.

## മണ്ണ് ഖനനത്തിന് പാരിസ്ഥിതിക അനുമതി വേണമെന്ന ഹരിത ട്രൈബ്യൂണൽ വിധി മറികടക്കാൻ ഖനനചട്ടം ഭേദഗതി ചെയ്തു

ഗൃഹനിർമ്മാണത്തിനുള്ള മണ്ണ് ഖനനത്തിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവിറക്കി. അതിന്റെ പിൻബലത്തിൽ നൂറുകണക്കിന് കുന്നുകൾ ഭൂമാഫിയ ഇടിച്ചു നിരത്തി. ഇതു റദ്ദാക്കാൻ മാതൃഭൂമി ദിനപത്രം രണ്ടുവട്ടം മുഖപ്രസംഗം എഴുതിയെങ്കിലും ഫലം കണ്ടില്ല. ടോണിതോമസും സർക്കാരും തമ്മിലുള്ള കേസിൽ ഈ ഉത്തരവ് ബഹു. ദേശീയ ഹരിത ടൈബ്യൂണൽ സ്റ്റേ ചെയ്യുകയും, പാരിസ്ഥിതികാനുമതി കൂടാതെ മണ്ണ് ഖനനം പാടില്ലെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത് മറികടക്കാൻ സർക്കാർ ഖനനചട്ടം ഭേദഗതി ചെയ്തു. ഇപ്പോൾ വ്യാപകമായി ഖനനം തുടരുന്നു.

## ക്വാറി ഉടമകൾക്കുവേണ്ടി ഭൂപരിഷ്കരണ നിയമം അട്ടിമറിച്ചു

അനധികൃതമായി മറിച്ചുവിറ്റ തോട്ടഭൂമികളിൽ പ്രവർത്തിക്കുന്ന ക്വാറികൾ നിർത്താനും മിച്ചഭൂമി ഏറ്റെടുക്കാനും  ഭൂപരിഷ്കരണ നിയമപ്രകാരം ജില്ലാകളക്ടർമാർ നടപടി സ്വീകരിക്കണമെന്ന ഹൈക്കോടതി വിധി നടപ്പിലാക്കിയില്ല. 2,30,000-ലധികം ആളുകൾ ഭൂരഹിതരായി തുടരുമ്പോഴും നിയമവിരുദ്ധമായി വിറ്റ മിച്ചഭൂമി പിടിച്ചെടുക്കാതിരിക്കുകയും നാല് ഏക്കർ വരെയുള്ള നിയമ വിരുദ്ധ വിൽപ്പനകൾ സാധൂകരിക്കുകയും ചെയ്തു. ഭൂപരിഷ്കരണ നിയമം തന്നെ അങ്ങിനെ അട്ടിമറിച്ചിരിക്കുകയാണ്. ഇത് തീർച്ചയായും ക്വാറി ഉടമകളെ സഹായിക്കുന്നതിനു വേണ്ടിയായിരുന്നു.




## പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ സർക്കാർ തന്നെ പതിച്ചുനൽകി

വാഗമണ്ണിലെ പുൽമേടുകൾ കയ്യേറി കെട്ടിപ്പൊക്കിയ അനധികൃത കെട്ടിടങ്ങൾ എല്ലാം സാധൂകരിച്ച് നൽകി. കൂടാതെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള പുൽമേടുകൾ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കായി സമുദായ സംഘടനകൾക്ക് പതിച്ചു നൽകി.

## തോട്ടം മുതലാളിമാർക്കുവേണ്ടിയും ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്തു.

തോട്ടഭൂമിയുടെ 5 ശതമാനം ഭൂമി ടൂറിസം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വകമാറ്റി. പരിസ്ഥിതി ലോലപ്രദേശങ്ങളിലെ നിയമവിരുദ്ധ റിസോർട്ടുകൾ സാധൂകരിച്ചു നൽകാൻ ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്തു.

## എല്ലാ കയ്യേറ്റങ്ങളെയും സാധൂകരിക്കാൻ സർക്കാർ ഉത്തരവിറക്കി

2015 വരെ സർക്കാർ ഭൂമിയിലുണ്ടായ എല്ലാ കയ്യേറ്റങ്ങളും സാധൂകരിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. ശക്തമായ പൊതുജന എതിർപ്പ് വന്നപ്പോൾ ഉത്തരവ് പിൻവലിച്ചു. സർക്കാർ ഉത്തരവ് തന്നെ ഭൂസംരക്ഷണ നിയമത്തിന്റെ ലംഘനവും ക്രിമിനൽ കുറ്റവുമാണ്.

## ആറന്മുളയുടെ കാര്യത്തിൽ നിയമസഭയ്ക്ക് നൽകിയ ഉറപ്പ് ലംഘിച്ചു

എല്ലാ പരിസ്ഥിതിനിയമങ്ങളും ലംഘിച്ചു കൊണ്ടുള്ള നിർലജ്ജമായ നിലപാടാണ് ആറൻമുളയിൽ സർക്കാർ കൈക്കൊണ്ടത്. നെൽവയൽ-നീർത്തട സംരക്ഷണ നിയമം അക്ഷരാർത്ഥത്തിൽ അവഗണിക്കുകയാണ് സർക്കാർ ഇവിടെ ചെയ്തത്. നിയമം ലംഘിച്ച സ്വകാര്യ കമ്പനിയുടെ സംരംഭത്തിൽ ഷെയർ എടുക്കാൻ വരെ സർക്കാർ തയ്യാറായി. ആറൻമുളയിലെ 1500 ഏക്കർ വയൽ പ്രദേശം നിയമവിരുദ്ധമായ രീതിയിൽ വ്യവസായമേഖലയായി പ്രഖ്യാപിച്ച നടപടി റദ്ദാക്കുമെന്ന് രണ്ടുവട്ടം നിയമസഭയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ട് 3 വർഷം കഴിഞ്ഞിട്ടും ഒരിഞ്ചു ഭൂമിപോലും വ്യവസായമേഖലയിൽ നിന്ന് ഒഴിവാക്കി വിജ്ഞാപനം ചെയ്യാതെ നിയമസഭക്ക് നൽകിയ ഉറപ്പ് ലംഘിച്ചു. ഇത് വിശ്വാസവഞ്ചനയും നിയമസഭയോടുള്ള അനാദരവുമാണ്.

## മെട്രോയുടെ പേരിൽ വൻതോതിൽ നെൽവയൽ നികത്തൽ

കളമശ്ശേരിയിൽ നിന്ന് ആലുവയിലേക്ക് പോകുന്ന വഴി ദേശീയപാതയോടു ചേർന്നു കിടക്കുന്ന വിശാലമായ മുട്ടം വിടാകുഴ ചവറ പാടശേഖരത്തിലെ 300 ഏക്കർ നെൽവയലാണ് മെട്രോയാർഡിനു വേണ്ടി നിയമവിരുദ്ധമായി നികത്തിയത്. തോടുകളും കുളങ്ങളുമടക്കം തണ്ണീർത്തടങ്ങളും നികത്തപ്പെട്ടു.

## ഹൈക്കോടതി വിധിയും ഭൂസംരക്ഷണനിയമവും ലംഘിച്ചുകൊണ്ട് കെ.ജി.എസ്. കമ്പനിക്ക് ഒത്താശ

ആറൻമുളയിലെ കരുമാരം തോടും ചാലും അനധികൃതമായി നികത്തിയ കെ.ജി.എസ്സ്. എന്ന കമ്പനിക്ക് സർക്കാർ എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. തോടും ചാലും പുറമ്പോക്കും മിച്ച ഭൂമിയും ഉൾപ്പെടുന്ന ഭൂമി കെ.ജി.എസ്സ്-ന് വിൽക്കാൻ സർക്കാർ ഉത്തരവിറക്കി. ഇട്ട മണ്ണെടുത്തുമാറ്റി തോടും ചാലും 3 മാസത്തിനകം പൂർവ്വസ്ഥിതിയിലാക്കണമെന്ന ബഹു. ഹൈക്കോടതി ഉത്തരവ് നഗ്നമായി ലംഘിക്കുന്നു. ജില്ലാ കളക്ടർ കോടതിയലക്ഷ്യ നടപടി നേരിട്ടിട്ടും നികത്തിയ നീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാതെ സർക്കാർ അത് സാധൂകരിച്ച് നൽകുന്നു. ഇത് കേട്ടുകേൾവിയില്ലാത്തതും ഭൂസംരക്ഷണ നിയമത്തിന്റെയും ഭൂപരിഷ്കരണ നിയമത്തിന്റെയും ലംഘനവുമാണ്.

## നിയമസഭ പാസാക്കിയ നെൽവയൽ–നീർത്തട സംരക്ഷണ നിയമത്തെ നിർവീര്യമാക്കി

നെൽവയൽ-നീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന ഡാറ്റാബാങ്ക് ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല. നൂറുകണക്കിനു കേസുകളാണ് ഇതുകാരണം തീരുമാനമെടുക്കാൻ കഴിയാതെ ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്നത്. വയൽനികത്തൽ നിർബാധം തുടരുന്നതിന് ഇത് കാരണമായി. അതിനിടയിൽ 2008 വരെയുള്ള നികത്തലുകൾ സാധൂകരിച്ചു കൊടുക്കാൻ സർക്കാർ നീക്കം നടത്തി. ഇതിന്റെ മറവിൽ എല്ലാ നികത്തലുകളും സാധൂകരിക്കാനായിരുന്നു ശ്രമം.




## നിയമം നടത്തേണ്ട സർക്കാരും കൊച്ചി നഗരസഭയും നിയമം ലംഘിച്ച് സ്വയം ശിക്ഷ ഏറ്റുവാങ്ങി

കൊച്ചിയിലെ മുണ്ടൻവേലിയിൽ 5 ഏക്കർ നെൽവയലുകളും തണ്ണീർത്തടവുമായി കിടക്കുന്ന കണ്ടൽക്കാടുകൾ നിറഞ്ഞ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള കായൽ പ്രദേശം കൊച്ചി നഗരസഭയും സംസ്ഥാനസർക്കാരും ചേർന്ന് നികത്തി. തീരദേശപരിപാലന നിയമത്തിന്റെ ലംഘനമാണെന്നു കണ്ട് ബഹു. ഹൈക്കോടതി അത് സ്റ്റേ ചെയ്തെങ്കിലും ഡാറ്റാബാങ്കിൽ ഇന്നും നീർത്തടവും ചതുപ്പുമായി രേഖപ്പെടുത്തിയ പ്രദേശം നികത്താൻ സർക്കാർ നിയമം ലംഘിച്ച് ഉത്തരവിറക്കി. അവശേഷിക്കുന്ന 10 ഏക്കറോളം വരുന്ന കണ്ടൽക്കാടുകൾ വെട്ടി ജി.സി.ഡി.എ നിലം നികത്തി. ഇതെല്ലാം അറിഞ്ഞിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. ആയിരക്കണക്കിന് ഏക്കർ കണ്ടൽക്കാടുകളാണ് കൊച്ചിയിൽ നശിപ്പിക്കപ്പെടുന്നത്. സർക്കാർ തന്നെ നിയമ ലംഘനം നടത്തുന്നത് മറ്റുള്ളവർക്ക് നിയമം ലംഘിച്ച് പരിസ്ഥിതിയും വനവും നശിപ്പിക്കാനുള്ള പ്രചോദനമാകുകയാണ്. കായൽ നികത്തി നിർമ്മാണത്തിന് ടെണ്ടർ നൽകിയ സർക്കാർ വിജ്ഞാപനം ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കി. പദ്ധതിക്ക് നിയമവിരുദ്ധമായി 2012-ൽ അനുമതി നൽകിയ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയും ട്രൈബ്യൂണൽ റദ്ദാക്കി. തീരദേശ പരിപാലന നിയമം ലംഘിച്ചതിന് കൊച്ചി നഗരസഭക്ക് 5 ലക്ഷം രൂപ ട്രൈബ്യൂണൽ പിഴ ശിക്ഷ വിധിച്ചു. കൂടാതെ പരാതിക്കാരന് 50,000 രൂപ കോടതി ചെലവ് നൽകാനും ട്രൈബ്യൂണൽ വിധിച്ചു. ആദ്യമായാണ് പരിസ്ഥിതി നിയമം ലംഘിച്ച് കായൽ നികത്തിയതിനു സർക്കാരും നഗരസഭയും ശിക്ഷ ഏറ്റുവാങ്ങേണ്ടി വരുന്നത്.

## യോഗ്യതയില്ലാത്തവരെ ഇ.ഐ.എ അതോറിറ്റിയിലും സി.ആർ.ഇസഡ് അതോറിറ്റിയിലും നിയമിച്ച് ഉന്നതാധികാരസ്ഥാപനങ്ങളെ നോക്കുകുത്തിയാക്കി.

യാതൊരു മാനദണ്ഡവും പാലിക്കാതെ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും തീരദേശപരിപാലന അതോറിറ്റിയും രൂപീകരിച്ച് യോഗ്യതയില്ലാത്ത, പരിസ്ഥിതി രംഗത്ത് ഒരു വിശ്വാസ്യതയുമില്ലാത്ത ആളുകളെ സുതാര്യതയില്ലാത്ത വഴികളിലൂടെ നിയമിച്ചു. പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ തലവനെയും അംഗങ്ങളെയും നിയമിക്കാൻ സംസ്ഥാന സർക്കാർ നൽകിയ ശുപാർശ മാനദണ്ഡമനുസരിച്ചല്ല എന്ന കാരണത്താൽ കേന്ദ്രസർക്കാർ തിരിച്ചയച്ചപ്പോൾ കേരളത്തിൽ നിന്ന് ഈ പോസ്റ്റിലേക്ക് പരിഗണിക്കാൻ മറ്റാരും ലഭ്യമല്ല എന്ന് കേന്ദ്രസർക്കാരിനെ രേഖാമൂലം ധരിപ്പിച്ചാണ് നിയമനം നടത്തിയത്.

## സർക്കാർ ഫയലുകൾ അപ്രത്യക്ഷമാക്കിയും കൈയേറ്റക്കാരെ സംരക്ഷിക്കുന്നു

ഡി.എൽ.എഫ്. ഉൾപ്പെടെ കായൽ കയ്യേറിയും തീരദേശപരിപാലന നിയമം ലംഘിച്ചും അനധികൃത നിർമ്മാണം നടത്തിയ ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് നിയമ വിരുദ്ധമായി പാരിസ്ഥിതികാനുമതി നൽകി. പരിസ്ഥിതി നിയമത്തിന്റെ പ്രാഥമിക മര്യാദകൾ പോലും പാലിക്കാതെയാണ് അനുമതി നൽകിയതെന്ന് ചീഫ് സെക്രട്ടറി നൽകിയ അന്വേഷണ റിപ്പോർട്ടിൽ വന്നിട്ടും, അനുമതി നൽകിയ അതേ ആളുകളെ വീണ്ടും അതോറിറ്റിയിൽ പുനർനിയമിച്ചു. ഡി.എൽ.എഫ് കെട്ടിടം പൊളിച്ചു കളയാൻ ഹൈക്കോടതി ഉത്തരവിട്ടപ്പോൾ ബന്ധപ്പെട്ട ഫയൽ തന്നെ തീരദേശ പരിപാലന അതോറിറ്റി ഓഫീസിൽ നിന്നും അപ്രത്യക്ഷമായി. സർക്കാർ നടത്തിയത് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെയും തീരദേശപരിപാലന നിയമത്തിന്റെയും നഗ്നമായ ലംഘനമാണ്.

## കോടതി നിർദേശങ്ങളെ കാറ്റിൽപറത്തി മണൽവാരാൻ അനുമതി; തുടരുന്ന കള്ളക്കളി

നദികളിൽ മണൽവാരലിനു കർശന നിബന്ധനകൾ ഏർപ്പെടുത്തിയ ബഹു. സുപ്രീംകോടതിയുടെ ദീപക്കുമാർ കേസിലെ വിധിന്യായത്തിൽ പാരിസ്ഥിതികാഘാതപഠനം നടത്തണമെന്നും അനുമതി കൂടാതെ മണൽവാരൽ അനുവദിക്കരുതെന്നും വിധിയുണ്ടായിരുന്നു. മാത്രമല്ല നദികളുടെ വേനൽക്കാല ജലനിരപ്പിന് താഴെ മണൽഖനനം നടത്തരുതെന്നും പ്രസ്തുത വിധി അനുശാസിക്കുന്നു. എന്നാൽ കേരള സർക്കാർ 6 മാസത്തേക്ക് നദികളിൽ പാരിസ്ഥിതികാനുമതി കൂടാതെ മണൽഖനനം അനുവദിക്കുകയും ജലനിരപ്പിന് താഴെ മണൽഖനനം നിർബാധം




അനുവദിക്കുകയും ചെയ്തു. ഇത് പിന്നീട് നീട്ടി നൽകി. ഇളവ് അനുവദിച്ചുകൊണ്ടുള്ള ഈ സർക്കാർ ഉത്തരവ് എൻ.ജി.റ്റി.യിൽ ചോദ്യം ചെയ്തപ്പോൾ ഇനി ഇളവ് അനുവദിക്കില്ലെന്ന് സത്യവാങ്മൂലം നൽകി സർക്കാർ രക്ഷപ്പെടാൻ ശ്രമിച്ചു. എങ്കിലും നിയമലംഘനം തുടരുന്നു. സുപ്രീംകോടതി വിധി ലംഘിച്ചും ജലനിരപ്പിനടിയിലെ മണൽ വാരാൻ കണ്ണൂർ ജില്ലയിൽ വളപട്ടണം പുഴയിൽ സംസ്ഥാന സർക്കാരും പരിസ്ഥിതി അതോറിറ്റിയും അനുമതി നൽകി. ഇത് ചോദ്യം ചെയ്ത കേസിൽ, 'മനസ്സ് അർപ്പിക്കാതെ യാന്ത്രികമായാണ് അനുമതി നൽകിയത് എന്ന കാര്യം ബോധ്യമാകുന്നു' എന്ന് നിരീക്ഷിച്ചു. ഉത്തരവ് ബഹു. ഹരിത ട്രൈബ്യൂണൽ സ്റ്റേ ചെയ്തു.

## പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുക്കാതെ കായലിൽ നിന്നും യഥേഷ്ടം മണൽ വാരാൻ അനുമതി

കായലുകളിൽ വൻതോതിൽ മണൽവാരൽ അനുവദിക്കാൻ കേരള ഇറിഗേഷൻ ആൻഡ് ഇൻഫ്രാസ്ടക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിക്ക് അനുമതി നൽകിയതിനാൽ യാതൊരു പാരിസ്ഥിതികപഠനവും അനുമതിയും കൂടാതെ നിരന്തരം കോടിക്കണക്കിനു രൂപ വിലമതിക്കുന്ന മണൽഖനനം തുടരുന്നു. ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് രൂപീകരിക്കപ്പെട്ട പൊഴികൾ പോലും ഖനനം ചെയ്ത് പൂർണ്ണമായി ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.

## വിദഗ്ധരല്ലാത്തവരെ സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിട്ടിയുടെ തലപ്പത്ത് നിയമിച്ച് തണ്ണീർത്തടസംരക്ഷണം അട്ടിമറിച്ചു


2010ൽ കേന്ദ്ര സർക്കാർ കേന്ദ്ര പരിസ്ഥിതി നിയമത്തിന്റെ കീഴിൽ തണ്ണീർത്തടങ്ങളെ സംരക്ഷിക്കാനായി ഒരു ചട്ടം പുറപ്പെടുവിച്ചു. അതിന്റെ കീഴിൽ കേരളത്തിൽ ഒരു വെറ്റ്ലാന്റ് അതോറിറ്റിയെ നിയമിക്കേണ്ടതാണ്. കേരളത്തിലെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങളെല്ലാം നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴും 5 വർഷത്തിനു ശേഷം 2015-ലാണ് 'സ്റ്റേറ്റ് വെറ്റ്ലാന്റ് അതോറിറ്റി-കേരള' സ്ഥാപിക്കാനായി തീരുമാനിച്ചത്. 2015 ഡിസംബർ 17-നാണ് ഈ അതോറിറ്റിയെയും അതിലെ മെമ്പർമാരെയും നിയമിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തത്. പരിസ്ഥിതിശാസ്ത്രവുമായി ബന്ധപ്പെട്ട അഞ്ച് വ്യത്യസ്ത വിഷയങ്ങളിൽ ഉള്ള വിദഗ്ധരെ ഈ കമ്മിറ്റിയിൽ നിയമിക്കണമെന്നിരിക്കെ നിയമിക്കപ്പെട്ട ഒരാളും ഈ വിഷയത്തിൽ വൈദഗ്ധ്യം ഉള്ളവരല്ല. തണ്ണീർത്തട സംരക്ഷണത്തെ അട്ടിമറിക്കാനുള്ള സർക്കാരിന്റെ അറിഞ്ഞുകൊണ്ടുള്ള ഇടപെടലാണിത്.

## പതിച്ചുനൽകിയ ഭൂമിയിലെ മരംമുറിക്കുന്നതിനുള്ള നിബന്ധനകൾ വഴിവിട്ട് ഒഴിവാക്കി നൽകി

1993 ലെ ഇപ്പോഴുള്ള റൂൾസ് പ്രകാരം പതിച്ചു കിട്ടിയ കയ്യേറ്റ വനഭൂമിയിലെയും ട്രൈബൽ ഭൂമിയിലെയും പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിന് റവന്യൂ/വനം ഉദ്യോഗസ്ഥരുടെ നിബന്ധന പ്രകാരമുള്ള അനുമതി ആവശ്യമായിരുന്നു. ഈ നിബന്ധന മാറ്റി മറിച്ചുകൊണ്ട് 9/7/2015 ൽ ഇറക്കിയ ഉത്തരവു പ്രകാരം ഈ പരിശോധനയും അനുമതിയും ഒഴിവാക്കിക്കൊടുത്തു. ഇതിന്റെ ഫലമായി മലയോരങ്ങളിൽ നിന്നും ആഞ്ഞിലിയും പ്ലാവും മാത്രമല്ല ധാരാളം വനവൃക്ഷങ്ങളും വെട്ടിക്കടത്തിക്കൊണ്ടിരിക്കുന്നു. പത്തനംതിട്ട ജില്ലയിലും വയനാട്ടിലും മറ്റും ഈ ഇളവ് ദുരുപയോഗം ചെയ്ത് ഭീകരമായി വനനാശം വരുത്തിക്കൊണ്ടിരിക്കുന്നു.

## ബഹുനില ഫ്ളാറ്റുകൾക്ക് വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി

1999 ലെ കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് ഭേദഗതി വരുത്തി കെട്ടിട നിർമ്മാണത്തിനാവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാടെ ലംഘിച്ചിരിക്കുന്നു. ഇത് ശരിയല്ലെന്നു ചൂണ്ടിക്കാട്ടിയ രണ്ട് ഉദ്യോഗസ്ഥരെ സ്ഥാനത്തു നിന്നും മാറ്റിയെങ്കിലും പിന്നീടു വന്ന ഉദ്യോഗസ്ഥരും ഈ നിലപാടു തന്നെ സ്വീകരിച്ചിരിക്കുകയാണ്. താമസക്കാരുടെ സുരക്ഷയെക്കാൾ ബഹുനില ഫ്ളാറ്റുടമകളുടെ താൽപര്യം സംരക്ഷിക്കാനാണ് സർക്കാർ ശ്രമിച്ചിരിക്കുന്നത്. കൂടാതെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതില്ല എന്ന സർക്കാർ നിലപാട് കൂടുതൽ കർക്കശമാക്കുന്ന രീതിയിൽ 9/2/2016 ലും സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഇത് ജനങ്ങൾക്കു വേണ്ടിയല്ല എന്നതു വ്യക്തമാണ്.




## ഒരിക്കൽ അവസാനിച്ചിരുന്ന ആനവേട്ട വീണ്ടും തുടങ്ങിയിരിക്കുന്നു, അന്വേഷണങ്ങൾ എല്ലാം അട്ടിമറിച്ചു

ശക്തമായ വനം-വന്യ ജീവി സംരക്ഷണ നിയമങ്ങൾ വരികയും പൊതുവായ പാരിസ്ഥിതിക അവബോധം ഉയരുകയും ചെയ്തതിന്റെ ഫലമായി കേരളത്തിൽ ആനവേട്ട ഏതാണ്ട് നിലച്ചിരിക്കുകയായിരുന്നു. ഏഷ്യൻ ആനകളെ വംശനാശത്തിന്റെ വക്കത്തെത്തിച്ച കൊമ്പിനു വേണ്ടിയുള്ള കൊല അവസാനിച്ചതിൽ പ്രകൃതിസ്നേഹികളും പ്രകൃതിസ്നേഹികളായ വനപാലകരും ആശ്വസിച്ചിരിക്കുമ്പോഴാണ് കഴിഞ്ഞവർഷം (2015) മധ്യത്തോടെ ആ ഞെട്ടിപ്പിക്കു വാർത്ത വന്നത്. കേരളത്തിൽ 28 ആനകളെ കൊന്ന് കൊമ്പെടുത്തിരിക്കുന്നു. ഈ വസ്തുത വനംവകുപ്പ് ഉദ്യോഗസ്ഥർ തീർച്ചയായും അറിയാതിരിക്കുകയില്ല. ആനവേട്ടയുടെ വിവരങ്ങൾ ലഭിച്ചിട്ടും ഉദ്യോഗസ്ഥർ അതെല്ലാം മൂടിവയ്ക്കുകയായിരുന്നു.
അന്വേഷണം സി.ബി.ഐക്ക് വിടാൻ ഗവൺമെന്റ് തീരുമാനിച്ചെങ്കിലും ഒന്നും നടന്നില്ല. അതിനിടെ വിജിലൻസ് വിഭാഗം നടത്തിക്കൊണ്ടിരുന്ന അന്വേഷണവും അട്ടിമറിക്കപ്പെട്ടു. ഡൽഹിയിൽ നിന്ന് ഒരു ദന്തവ്യാപാരിയെ അറസ്റ്റ് ചെയ്തതോടെ ചില കുത്തക വ്യവസായ കുടുംബാംഗങ്ങൾ അടക്കം പല ഉന്നതർക്കും ഈ ആനവേട്ടക്കേസിൽ പങ്കുള്ളതായി തെളിഞ്ഞു. അതോടെ വളരെ ശുഷ്കാന്തിയോടെ കേസന്വേഷണത്തിന് നേതൃത്വം നൽകിവന്നിരുന്ന വിജിലൻസ് സി.സി.എഫിനെ തൽസ്ഥാനത്തുനിന്നു മാറ്റി. ഡപ്യൂട്ടേഷനു വേണ്ടി കൊടുത്തിരുന്ന പഴയൊരപേക്ഷ പൊടിതട്ടിയെടുത്ത് അദ്ദേഹത്തെ കുറ്റകൃത്യം നടന്ന രംഗത്തു നിന്നേ ഓടിക്കുകയായിരുന്നു. പിന്നീട് ഒരു മാസത്തിലേറെ വിജിലൻസ് വിഭാഗത്തിന് നാഥനുണ്ടായിരുന്നില്ല. ഒടുവിൽ മറ്റൊരാളെ നിയമിച്ചെങ്കിലും അദ്ദേഹത്തെ രണ്ട് ദിവസത്തിനകം സ്ഥലം മാറ്റി. ഈ നടപടി ഒച്ചപ്പാടായപ്പോൾ അദ്ദേഹത്തെ തന്നെ വീണ്ടും നിയമിച്ചു. തികച്ചും പ്രതിഷേധാർഹവും ലജ്ജാവഹവുമാണ് ഈ സംഭവവികാസങ്ങൾ.

## കായൽനിലം നികത്താൻ വഴിവിട്ട അനുമതി–മെത്രാൻ കായൽ, കടമക്കുടി...

2007 മുതൽ പരിഗണനയിലുണ്ടായിരുന്നെങ്കിലും ശക്തമായ ജനകീയ എതിർപ്പുകൾമൂലം മുന്നോട്ടുനീങ്ങാതിരുന്ന 378 എക്കർ കായൽനിലം നികത്തിയുള്ള നിർദിഷ്ട മെത്രാൻകായൽ എക്കോ ടൂറിസം പദ്ധതിക്കു വിവിധ വകുപ്പുകളുടെ എതിർപ്പുകളെ അവഗണിച്ച് 2016 മാർച്ച് 1-ാം തീയതി ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകി. ഇതോടൊപ്പം ഏറണാകുളം ജില്ലയിലെ കടമക്കുടി മെഡിക്കൽ ടൂറിസം പദ്ധതിക്കുവേണ്ടി 47 ഏക്കർ നെൽപ്പാടം നികത്തുന്നതിനുള്ള അനുമതിയും പ്രസ്തുത മന്ത്രിസഭായോഗം നൽകി. വിവിധ മേഖലകളിൽ നിന്നുള്ള വലിയ എതിർപ്പുകളെ തുടർന്ന് ഈ തീരുമാനങ്ങൾ പിൻവലിക്കേണ്ടി വന്നു.

## പാരിസ്ഥിതികാനുമതി ഒഴിവാക്കാൻ ടൂറിസം–റിയൽ എസ്റ്റേറ്റ് പദ്ധതി വിഴിഞ്ഞം തുറമുഖ പദ്ധതിയോടു കൂട്ടിച്ചേർത്തു

സാമ്പത്തികമായി ലാഭകരമല്ലെന്ന് പഠനങ്ങളിലൂടെ കണ്ടെത്തിയ വിഴിഞ്ഞം പദ്ധതി അദാനി ഗ്രൂപ്പിനെക്കൊണ്ട് പൂർത്തീകരിക്കാനായി 102 ഏക്കർ ഭൂമി ടൂറിസം – റിയൽ എസ്റ്റേറ്റ് തിരിമറികൾക്കായി നൽകാൻ കരാർ ഒപ്പിട്ടു. തുറമുഖപദ്ധതിയുടെ കൂടെത്തന്നെ ഈ റിയൽ എസ്റ്റേറ്റ് പദ്ധതി അവതരിപ്പിക്കുകവഴി പ്രത്യേക പാരിസ്ഥിതിക അനുമതിയില്ലാതെ കേരളത്തിന്റെ തീരപ്രദേശത്തു നടപ്പിലാക്കുന്ന ആദ്യത്തെ വൻകിട ടൂറിസ്റ്റ് പദ്ധതിയായി വിഴിഞ്ഞം അദാനി ടൂറിസം പദ്ധതി മാറി.

## വിഴിഞ്ഞം: പ്രോജക്റ്റ് റിപ്പോർട്ടിലില്ലാത്ത പുനരധിവാസ പ്രഖ്യാപനം

വിഴിഞ്ഞം പദ്ധതി അംഗീകരിച്ച് കരാർ ഒപ്പിട്ടശേഷം 3000 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന് സർക്കാർ സമ്മതിക്കുന്നു. ഇതിനുവേണ്ടി 475 കോടിയുടെ പാക്കേജ് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. വിഴിഞ്ഞം പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഈ പുനരധിവാസ പദ്ധതിക്കുവേണ്ട തുക പദ്ധതിച്ചിലവിലോ മറ്റേതെങ്കിലും രീതിയിലോ വകയിരുത്തിയിട്ടില്ല. ഇതോടെ വൻകിട പദ്ധതികൾ അംഗീകരിക്കുന്നതിൽ വളരെ അപകടകരവും തെറ്റായതുമായ കീഴ്വഴക്കം സർക്കാർ തുടങ്ങിവച്ചിരിക്കുന്നു.

## പദ്ധതി അംഗീകാരത്തിനുള്ള പരിസ്ഥിതി പഠനത്തെ പ്രഹസനമാക്കി

7500 കോടി രൂപ മുതൽമുടക്കുവരുന്ന കേരളത്തിലെ ഏറ്റവും വലിയ പദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. പക്ഷെ ഇതിനായി തയ്യാറാക്കിയ പാരിസ്ഥിതിക ആഘാതപഠനം തീരെ ദുർബലവും അപൂർണവുമാണ്. തീരപ്രദേശത്തെ മണ്ണൊലിപ്പിന്റെ കാര്യത്തിലും വിഴിഞ്ഞം കടലിലെ ജൈവവൈവിധ്യത്തിന്റെ കാര്യത്തിലും മാത്രമല്ല, പുലിമുട്ട് നിർമാണത്തിനാവശ്യമായ 70 ലക്ഷം ടൺ പാറയുടെ കാര്യത്തിലും റിപ്പോർട്ടിലെ ഭാഗങ്ങൾ അപര്യാപ്തമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. അർഹിക്കുന്ന ഗൗരവത്തോടെ ഒരു ബൃഹദ്പദ്ധതിക്കുവേണ്ട പാരിസ്ഥിതി ആഘാതപഠനം നിർവഹിക്കാതിരിക്കുന്ന ഈ രീതി തെറ്റായ കീഴ്വഴക്കങ്ങൾക്ക് തുടക്കം കുറിക്കും. വികസനത്തിന്റെ പേരിൽ പഠനങ്ങളെ പ്രഹസനമാക്കുകയാണ് സർക്കാർ ചെയ്തത്.

## സ്വർണവ്യാപാരിക്കുവേണ്ടി നാട്ടുകാരെ വിഷം തീറ്റുന്ന നിയമലംഘനം

മലിനീകരണരഹിത ഭക്ഷ്യസംസ്കരണ/ഐ.ടി വ്യവസായങ്ങൾക്കു മാത്രമായി ഉണ്ടാക്കിയ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര പാർക്കിൽ മലബാർ ഗോൾഡ് കമ്പനിയുടെ മാരകമായ മലിനീകരണമുണ്ടാക്കുന്ന സ്വർണാഭരണ സംസ്കരണ നിർമാണശാലയ്ക്ക് നിയമം മറികടന്ന് സർക്കാർ അനുമതി നൽകി. ദൂരപരിധി ലംഘിച്ചുകൊണ്ടുള്ള അനുമതി പിന്നീട് മലിനീകരണ നിയന്ത്രണബോർഡ് നിയമവിധേയമാക്കി. ഇതിനെതിരെ ഹരിത ട്രൈബ്യൂണലിൽ നൽകിയ കേസിൽ 'ചുവപ്പ് പട്ടിക'യിൽപ്പെട്ട വ്യവസായങ്ങൾ ഭക്ഷ്യസംസ്കരണ പാർക്കിൽ പാടില്ലെന്ന വിധി മറികടക്കാൻ സർക്കാർ ഈ വ്യവസായത്തെ 'പച്ച പട്ടിക'യിൽ ഉൾപ്പെടുത്തുകയുണ്ടായി. പൊട്ടാസ്യം സയനൈഡ് പോലെയുള്ള മാരകമലിനീകാരികൾ ഉപയോഗിക്കുന്നതിനാൽ ഒരു ഗ്രാം സ്വർണം ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ പോലും ചുവപ്പുപട്ടികയിലാണ് ഉൾപ്പെടുന്നത് എന്നിരിക്കെ 120 കി.ലോഗ്രാം ആണ് പ്രസ്തുത കമ്പനിയുടെ ശേഷി. ഇതിനെതിരെ സമരം ചെയ്യുന്ന നാട്ടുകാർ അപ്പീൽകോടതിയെ സമീപിച്ചെങ്കിലും കഴിഞ്ഞ ഒന്നരവർഷമായി അപ്പീൽകോടതി സംവിധാനം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്.

**അവസാനമായി ഞങ്ങൾക്ക് പറയുവാനുള്ളത് ഇതാണ്. നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് സമൂഹത്തിന്റെ ഭദ്രതയ്ക്കു വേണ്ടിയാണ്. അവയെ സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടി ദുർബലപ്പെടുത്തുകയും മാറ്റിമറിക്കുകയും ചെയ്യുന്നത് ജനാധിപത്യ വഞ്ചനയാണ്. തിരഞ്ഞെടുപ്പിന്റെ തലേ നാളുകളിൽ ഇതു പറയുന്നത് തെറ്റുകൾ തിരുത്താൻ ഇനിയും സമയമുണ്ട് എന്നറിയിക്കാനാണ്. അടുത്തതായി ഏതു രാഷ്ട്രീയ കൂട്ടുകെട്ട് അധികാരത്തിൽ വന്നാലും ഈ നിയമലംഘനങ്ങൾ തിരുത്തണമെന്നും ആവർത്തിക്കരുതെന്നും ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു.**

**കേരള പരിസ്ഥിതി ഐക്യവേദി**

